LIBRARY ARCHIVES Kerala Legislative Assembly

വീട്ടുകാരും വല്ലാത്ത ഭയാശങ്കയിലാണ്. നാട്ടുകാർ ആക്ഷൻ കൗൺസിലുണ്ടാക്കി സമരപരിപാടികൾക്ക് നേതൃത്വം കൊടുത്തുവരികയാണ്. ലോക്കൽ പോലീസ് അന്വേഷിച്ചിട്ടും ഇതുവരെയും ഒരു തുമ്പും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഗവൺമെന്റ് ഇത് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുകയും കുറ്റവാളികളെ പിടികൂടി മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ഈ പ്രശ്നം വളരെ ഗൗരവമായിത്തന്നെ ഗവൺമെന്റ് കാണുകയും പോസ്റ്റുമോർട്ടത്തിനുശേഷം വിരലടയാള വിദഗ്ദ്ധർ, സയന്റിഫിക്ക് അസിസ്റ്റന്റ് തുടങ്ങിയവർ പോയി പരിശോധിക്കുകയും പോലീസ് നായയെ കൊണ്ടുപോയി പരിശോധിപ്പിക്കുകയും ചെയ്തു. അങ്ങനെ ഗവൺമെന്റിന് ചെയ്യാവുന്നതൊക്കെ ചെയ്തു. പക്ഷേ ഇതുവരെ ഒരു തുമ്പും കിട്ടിയിട്ടില്ല. ഇത് വളരെ കാര്യമായിത്തന്നെ ഗവൺമെന്റ് അന്വേഷിക്കുന്നുണ്ട്. അന്വേഷണം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകാം.

(17) തൃപ്രയാർ ആസ്ഥാനമാക്കി നാട്ടിക താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം

ശ്രീ. ടി. എൻ. പ്രതാപൻ: സർ, തൃശ്ശൂർ ജില്ലയിലെ ചാവക്കാട്-തൃശ്ശൂർ താലൂക്കുകൾ വിഭജിച്ച് തൃപ്രയാർ ആസ്ഥാനമാക്കി നാട്ടിക താലൂക്ക് രൂപീകരിക്കണമെന്നതാണ് എന്റെ ആവശ്യം. അതിൽ ഏങ്ങണ്ടിയൂർ, വാടാനപ്പിള്ളി, തളിക്കുളം, നാട്ടിക, വലപ്പാട്, എടത്തിരുത്തി, കൈപ്പമംഗലം എന്നീ പഞ്ചായത്തുകളും ചേർപ്പ് നിയോജകമണ്ഡലത്തിലെ താന്ന്യം, ചാവക്കാട് പഞ്ചായത്തുകളും മണലൂർ നിയോജകമണ്ഡലത്തിലെ മണലൂർ, അന്തിക്കാട് പഞ്ചായത്തുകളും ചേർത്തുകൊണ്ട് പുതിയ താലൂക്ക് രൂപീകരിക്കണം. തൃശ്ശൂർ ജില്ലയിൽ ഏറ്റവും വികസനം നടന്നുകൊണ്ടിരിക്കുന്ന വളരെ പ്രധാനപ്പെട്ട പ്രദേശമാണ്. നാട്ടികയുടെ കാര്യത്തിൽ ബഹുമാന്യനായ റവന്യു വകുപ്പുമന്ത്രിയുടെ അനുകൂലമായ മറുപടി പ്രതീക്ഷിക്കുകയാണ്.

റവന്യുവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, നാട്ടികയുടെ പ്രാധാന്യത്തിൽ ഗവൺമെന്റിന് തികഞ്ഞ ബോദ്ധ്യമുണ്ട്. എതായാലും ഇത് സ്പെഷ്യൽ കമ്മീഷണർ ശ്രീ. അൽഫോൺസ് കണ്ണന്താനത്തിന് റഫർ ചെയ്യാം.

(18) കോട്ടുകുന്നം മലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ക്രഷർ ഫാക്ടറി

ശ്രീ. പിരപ്പൻകോട് മുരളി: സർ, വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട് പഞ്ചായത്തിൽ കോട്ടുകുന്നം മലയിൽ മെറ്റൽ ക്രഷർ ഫാക്ടറി തുടങ്ങാൻ അനുവദിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു. ഭൂനിരപ്പിൽനിന്ന് 1000 അടി ഉയരവും 500 ഏക്കർ വിസ്തൃതിയുമുള്ള ഇടതൂർന്ന ആയിരക്കണക്കിന് ചെറുപാറകൾ